സ്വദ്റുദ്ദീൻ വാഴക്കാട്

### സൂനാമിബാധിത പ്രദേശങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ

# പുനരധിവാസ പ്രവർത്തനങ്ങൾ

**വ്യവസ്ഥാപിതവും** ദീർഘവീക്ഷണത്തോടു കൂടിയതുമായ പുനരധിവാസ പ്രവർത്തനങ്ങളാണ് സൂനാമി ബാധിത മേഖലകളിൽ ജമാഅത്തെ ഇസ്‌ലാമി നടപ്പിലാക്കിയത്. പാർശ്വവത്കൃതർക്ക് മുഖ്യ പരിഗണനയും പ്രത്യുൽപാദനക്ഷമമായ മേഖലകൾക്ക് പ്രാധാന്യവും നൽകി ആസൂത്രണം ചെയ്ത പദ്ധതികൾ കുറഞ്ഞ ഫണ്ട് കൊണ്ട് കൂടുതൽ പേർക്ക് ആശ്വാസമെത്തിക്കാൻ കഴിയും വിധത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

സൂനാമിബാധിതരുടെ പുനരധിവാസത്തിനു വേണ്ടി സർക്കാർ തയാറാക്കിയ ലിസ്റ്റ് രാഷ്ട്രീയ പക്ഷപാതിത്വങ്ങൾ നിറഞ്ഞതായിരുന്നു. രാഷ്ട്രീയക്കാരുടെ ഇടപെടൽ അനർഹരായ ഒട്ടേറെ പേർക്ക് സഹായാർഹരുടെ ലിസ്റ്റിൽ ഇടം നേടിക്കൊടുത്തപ്പോൾ അർഹരായ ധാരാളമാളുകൾ തഴയപ്പെട്ടു. അവർക്ക് സാമ്പത്തിക സഹായമോ തൊഴിലുപകരണങ്ങളോ വീടോ ലഭിക്കാൻ സംവിധാനമുണ്ടായില്ല. കാരണം, സർക്കാർ പുറത്തിറക്കിയ ലിസ്റ്റിൽനിന്നാണ് സന്നദ്ധ സംഘടനകളെല്ലാം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. സർക്കാർ സഹായവും സന്നദ്ധ സംഘടനകളുടെ സേവനവും ദുരിതബാധിതരായ നിരവധി പേർക്ക് നഷ്ടപ്പെടുകയായിരുന്നു ഇതിന്റെ ഫലം. ഇങ്ങനെ അവഗണിക്കപ്പെട്ടവരെ പരിഗണിച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയത്. സൂനാമി പ്രദേശങ്ങളിൽ ചെന്ന് അവഗണിക്കപ്പെട്ട ആളുകളെ കണ്ടെത്തുകയും അപേക്ഷകൾ സ്വീകരിച്ച് നേരിട്ട് അന്വേഷണം നടത്തി അവർ അർഹരാണെന്ന് ഉറപ്പുവരുത്തുകയുമാണ് ജമാഅത്ത് ചെയ്തത്. അപേക്ഷ നൽകിയ ഓരോരുത്തരെയും കുറിച്ച് സാധ്യമാവുന്നത്ര പഠനം നടത്തിയശേഷമാണ് സഹായം നൽകാൻ തീരുമാനിച്ചത്. ഗവൺമെന്റിന്റെ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കാതെ സ്വതന്ത്രമായി പ്രവർത്തിച്ചതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ പ്രത്യേകതയെന്ന് ചില ഭരണാധികാരികളും സന്നദ്ധ സംഘടനാ ഭാരവാഹികളും, ഗുണഭോക്താക്കളുമെല്ലാം പറയുകയുണ്ടായി.

പക്ഷേ, സർക്കാർലിസ്റ്റിൽനിന്ന് ഗുണഭോക്താക്കളെ സ്വീകരിക്കാത്തതുകൊണ്ട്, സൂനാമിബാധിതരെ സഹായിച്ച സന്നദ്ധ സംഘടനകളെക്കുറിച്ച സർക്കാർ ലിസ്റ്റിൽ ജമാഅത്തെ ഇസ്‌ലാമിയില്ല. “ഗവൺമെന്റ് ലിസ്റ്റിൽ അനർഹരായ ധാരാളം പേർ കയറിപ്പറ്റിയിട്ടുണ്ട്. ആ ലിസ്റ്റിൽ പെടാത്ത യഥാർഥ ഗുണഭോക്താക്കളെ കണ്ടെത്തുകയും പല രീതിയിലും അന്വേഷിച്ച് അവർ അർഹരാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തശേഷമാണ് ജമാഅത്തെ ഇസ്‌ലാമി സഹായം നൽകേണ്ടവരുടെ ലിസ്റ്റ് തയാറാക്കിയത്. ഇതു വളരെയേറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സഹായം നൽകിയ സന്നദ്ധ സംഘടനകളുടെ കൂട്ടത്തിൽ സർക്കാർ കണക്കിൽ ജമാഅത്തെ ഇസ്‌ലാമി ഇല്ല. സർക്കാർ ലിസ്റ്റിൽ വരാനല്ലല്ലോ സേവനം ചെയ്യുന്നത്. തീർച്ചയായും ജനങ്ങളുടെ മനസ്സിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സ്ഥാനമുണ്ട്”–എന്നായിരുന്നു അഴിക്കൽ ശ്രീ വ്യാസവിലാസം കരയോഗം മുൻ സെക്രട്ടറി ബാബുവിന്റെ പ്രതികരണം.

നിർമാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് മേൽനോട്ടം വഹിച്ചുവെന്നതാണ് പുനരധിവാസ പ്രവർത്തനങ്ങളുടെ മറ്റൊരു സവിശേഷത. വീട്, വള്ളം തുടങ്ങിയവയുടെ നിർമാണം ഏതെങ്കിലും ഏജൻസിക്ക് വിട്ടുകൊടുക്കാതെ തൊഴിലാളികളെ വെച്ച് നേരിട്ട് ചെയ്യുകയാണുണ്ടായത്. വീട് നിർമാണത്തിന്റെ ഓരോ ഘട്ടത്തിലും ജമാഅത്ത് പ്രവർത്തകർ സ്വന്തം വീടിന്റെ വർക്കുകൾ ചെയ്യുന്നതുപോലെയാണ് ശ്രദ്ധിച്ചത്. കൂടുതൽ ഉറപ്പും ഭദ്രതയും സൗകര്യവും സൗന്ദര്യവുമുള്ള വീടുകൾ ജമാഅത്തെ ഇസ്‌ലാമി നിർമിച്ചവയാണെന്ന് പരിശോധനയിൽ വ്യക്തമാവും. സർക്കാർ നിശ്ചയിച്ചത് 4.30 സ്ക്വയർ ഫീറ്റുള്ള വീടുകളാണ്. പക്ഷേ, ജമാഅത്ത് നിർമിച്ച വീടുകൾ 4.90 സ്ക്വയർ ഫീറ്റ് ഉള്ളവയാണ്. രണ്ട് ബെഡ്റൂം,കിച്ചൺ, സിറ്റൗട്ട്, ഡൈനിംഗ് ഹാൾ, ബാത്ത് റൂം എന്നീ സൗകര്യങ്ങളാണ് വീടുകളിലുള്ളത്.

ഭവന നിർമാണം, വീടുകളുടെ അറ്റകുറ്റപ്പണികൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ബോട്ട്, വള്ളം, വലകൾ, തയ്യൽ മെഷീൻ, സൈക്കിൾ തുടങ്ങിയ തൊഴിലുപകരണങ്ങൾ, കച്ചവടത്തിനും സ്വാശ്രയ സംഘങ്ങൾക്കുമുള്ള സാമ്പത്തിക സഹായം, ആംബുലൻസ് എന്നിങ്ങനെ ബഹുമുഖമായ പുനരധിവാസ പ്രവർത്തനങ്ങളാണ് ജമാഅത്തെ ഇസ്‌ലാമി നടത്തിയത്. 2 കോടി 36 ലക്ഷം രൂപയാണ് ഇതിനു വേണ്ടി വിനിയോഗിച്ചത്.

ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി വിദ്യാഭ്യാസ സ്കോളർഷിപ്പുകളാണ്. പ്ലസ്ടു, ബി.എ, ബി.കോം, ബി.എ.എം.എസ്, എം.എൽ.ടി, പി.ജി.ഡി.സി.എ ബിടെക് തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പുകൾ

### പുനരധിവാസ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

- 51 വീടുകൾ
- 56 വീടുകളുടെ അറ്റകുറ്റപ്പണികൾ
- 13 ഫൈബർ ബോട്ട് യൂനിറ്റുകൾ
- 4 ഓട്ടോറിക്ഷകൾ
- 21 തയ്യൽ മെഷീനുകൾ
- 6,59,000 രൂപയുടെ സ്കോളർഷിപ്പുകൾ
- 4,10,000 രൂപയുടെ നഴ്സറി ബിൽഡിംഗ്
- ചെറുവഞ്ചികൾ, കട്ടമരം, മേസൻ യൂനിറ്റ്, വാടക സാധനങ്ങൾ തുടങ്ങിയ തൊഴിലുപകരണങ്ങൾ
- ആയിരത്തോളം കുടുംബങ്ങൾക്ക് ഗൃഹോപകരണങ്ങൾ
- സ്വാശ്രയ സംഘങ്ങൾക്കും കച്ചവടത്തിനുമുള്ള ധനസഹായങ്ങൾ

നൽകിയത്. ഇടക്കുവെച്ച് നിന്നുപോകുമായിരുന്ന പലരുടെയും പഠനം മുന്നോട്ടു കൊണ്ടുപോകുന്നത് ജമാഅത്തെ ഇസ്‌ലാമി സുനാമി ഫണ്ടിൽനിന്ന് നൽകിയ സ്കോളർഷിപ്പുകളാണ്. തൊഴിലുപകരണങ്ങളാണ് മറ്റൊരിനം. ഫൈബർ ബോട്ട്, വിവിധ തരം വലകൾ, യമഹ എഞ്ചിൻ എന്നിവ ഉൾക്കൊള്ളുന്ന ബോട്ട് സെറ്റ് പത്ത് അംഗങ്ങളുള്ള ഒരു ടീമിനാണ് നൽകിയിരിക്കുന്നത്. കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നതാണ് ഈ സംവിധാനം. സ്ത്രീകൾക്ക് നൽകിയ തയ്യൽ മെഷീനുകളും വനിതാ സ്വാശ്രയ സംഘങ്ങൾക്ക് നൽകിയ ധന സഹായവും ഏറെ പ്രയോജനകരമാണ്.

## കൊല്ലം ജില്ല

സുനാമി കേരളത്തിൽ ഏറ്റവുമധികം ദുരിതം വിതച്ചത് കൊല്ലം ജില്ലയിലെ ആലപ്പാട്ട് പഞ്ചായത്തിലാണ്. ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ സുനാമി റിലീഫ് ഏറ്റവുമധികം നടന്നതും അവിടെത്തന്നെയാണ്. വിവിധ മേഖലകളിലായി ഒരു കോടി ഇരുപത്തിയേഴു ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി എഴുപ്പത്തി മൂന്നു രൂപയുടെ പ്രവൃത്തികളാണ് അവിടെ നടന്നത്.

ടി.എ അബ്ദുന്നാസിർ കൺവീനറായി രൂപീകരിച്ച കമ്മിറ്റിയാണ് കൊല്ലം ജില്ലയിൽ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ആലപ്പാട് പഞ്ചായത്തിലെ അഴീക്കൽ, ചെറിയഴീക്കൽ, പറയകടവ്, വെള്ളനാതുരുത്ത്, ശ്രായിക്കാട്, പണ്ടാര തുരുത്ത്, കുഴിതുറ തുടങ്ങിയ സ്ഥലങ്ങളിലും കുലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിലുമാണ് കൂടുതൽ പ്രവർത്തനങ്ങൾ നടന്നത്. 23 വീടുകളാണ് ഇവിടെ നിർമിച്ചത്. മറ്റു സന്നദ്ധ സംഘടനകൾ അവഗണിച്ച ചെറിയഴീക്കൽ പ്രദേശത്താണ് കൂടുതൽ വീടുകൾ മെയിന്റനൻസ് നടത്തിയിട്ടുള്ളത്.

അമ്പലത്തിലെ ശാന്തിക്കാരനായ വടക്കയ്യത്ത് രഞ്ജിത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ജമാഅത്തെ ഇസ്‌ലാമിയെ ഞങ്ങൾ അറിയുന്നത് തന്നെ ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ്. ഞങ്ങളുടെ പ്രദേശത്ത് ദുരിതാശ്വാസത്തിന് വന്ന ഏക സംഘടന ജമാഅത്തെ ഇസ്‌ലാമിയാണ്. സേവാഭാരതി എന്തൊക്കെയോ കാട്ടിക്കൂട്ടിയിട്ട് പോയി. എന്റെ വീടിന് ഒരു സ്ട്രക്ചർ മാത്രമാണുണ്ടായിരുന്നത്. അത് അറ്റകുറ്റപ്പണികൾ നടത്തി താമസിക്കാൻ പറ്റുന്ന രൂപത്തിലാക്കിത്തന്നത് ജമാഅത്തെ ഇസ്‌ലാമിയാണ്. ഞങ്ങൾ ജമാഅത്തെ ഇസ്‌ലാമിയോട് ഏറെ കടപ്പെട്ടിരിക്കുന്നു." ചെറിയഴീക്കൽ ജെട്ടിക്കടുത്ത് 12-ാം വാർഡിൽ താമസിക്കുന്ന രാജു-സിന്ധു ദമ്പതികൾക്കും പറഞ്ഞറിയിക്കാനാവാത്ത സന്തോഷം: "ഞങ്ങൾക്ക് വലിയ സന്തോഷം തോന്നുന്നു. ആരിൽനിന്നും ഞങ്ങൾക്ക് ഒരു സഹായവും ലഭിച്ചില്ല. മത്സ്യ ഫെഡിൽനിന്ന് 6000 രൂപ കിട്ടേണ്ടതായിരുന്നു. ആകെ കിട്ടിയത് 1000 രൂപയാണ്. അദാലത്തിനു പോയെങ്കിലും അവരും അന്വേഷണത്തിന് വന്നില്ല. ജമാഅത്തെ ഇസ്‌ലാമിയാണ് ഞങ്ങളെ തുണച്ചത്. ജമാഅത്തിന്റെ സ്കോളർഷിപ്പും ഞങ്ങൾക്ക് കിട്ടി. ഈ പ്രദേശത്ത് ജമാഅത്ത് മാത്രമാണ് സഹായത്തിന് വന്നത്. മറ്റാരും വന്നിട്ടില്ല, ഒന്നും ചെയ്തിട്ടുമില്ല. ആരും അന്വേഷിക്കാൻ പോലുമുണ്ടായില്ല."

പത്ത് ഫൈബർ ബോട്ട് യൂനിറ്റുകൾ, ഏഴ് ചെറിയ വള്ളങ്ങൾ, മൂന്ന് പേർക്ക് വാടക സാധനങ്ങൾ, 17 പേർക്ക് പല ചരക്ക്-സ്റ്റേഷനറി കച്ചവട സഹായം, വനിതാ മേസൻ യൂനിറ്റ്, പാർപ്പിട നിർമാണ യൂനിറ്റ്, കട്ടമരം, പശു, കാമറ, വഞ്ചി റിപ്പയറിംഗ് (4 എണ്ണം), 19 പേർക്ക് തൊഴിലുപകരണങ്ങൾ എന്നിവയും 21 തയ്യൽ മെഷീനുകളും മൂന്ന് ഓട്ടോറിക്ഷകളും നൽകുകയുണ്ടായി. ഓട്ടോ റിക്ഷ ലഭിച്ച പനമൂട്ടിൽ രാജു തന്റെ അനുഭവങ്ങൾ പങ്കുവെച്ചു: "സുനാമിദുരന്തത്തിൽ

### റശീദിന് തുണയായത് 'സൗഹൃദം' ഓട്ടോ

**ആലപ്പുഴ** ജില്ലയിലെ ചെറുതന പഞ്ചായത്തിലെ റശീദ് ആനാരി ആന്തമാനിൽ വെച്ചാണ് സുനാമിദുരിതത്തിന് ഇരയായത്. മാരകമായി പരിക്കേൽക്കുകയും കച്ചവടസ്ഥാപനം നഷ്ടപ്പെടുകയും ചെയ്ത അദ്ദേഹം തന്റെ അനുഭവങ്ങൾ കണ്ണീരോടെ പങ്കുവെച്ചു: "ജോലി തേടി ആന്തമാനിലെത്തിയ ഞാൻ അവിടെ ഒരു കട തുടങ്ങി. 8 മാസം കട നടത്തി. അപ്പോഴാണ് സുനാമിയുണ്ടായത്. കാർനിക്കോബാറിലെ കടൽത്തീരത്തായിരുന്നു കട. ഒരു തെങ്ങിന്റെ ഉയരത്തിൽ പൊങ്ങിവന്ന തിരമാലകളിൽപെട്ട് ഞാൻ ഒലിച്ചുപോയി. മൂന്ന് കിലോമീറ്റർ അപ്പുറത്താണ് എത്തിയത്. ഒരു മരത്തിന്റെ പുറത്താണ് ഞാൻ ചെന്നുവീണത്. എന്റെ കൈകാലുകൾ ഒടിഞ്ഞുപോയിരുന്നു. എനിക്ക് ബോധം തന്നെ ഉണ്ടായിരുന്നില്ല. ഒരു ദിവസം അവിടെ കിടന്നു. അവിടെ നിന്ന് ആളുകൾ കണ്ടെത്തി കരയിൽ കൊണ്ടുവന്ന് കിടത്തി. പക്ഷേ നോക്കാൻ ആളുണ്ടായിരുന്നില്ല. നാലു ദിവസം അതേ വിധത്തിൽ കിടന്നു. ഒടിഞ്ഞ കൈകാലുകൾ, പലയിടങ്ങളിലും മുറിവും. വെള്ളവും ഭക്ഷണവുമില്ല. ഡിസംബർ 26-നാണ് ദുരന്തമുണ്ടായത്. ജനുവരി ഒന്നിന് പോലീസ് വന്ന് എന്നെ ക്യാമ്പിലെത്തിച്ചു. ജനുവരി ഒന്നാം തീയതി പോർട്ട് ബ്ലയറിലെ ആശുപത്രിയിലെത്തിച്ചു. അവിടെനിന്ന് കുടുംബക്കാരുടെ സഹായത്തോടെ മദ്രാസ് വഴി ആലപ്പുഴയിലെത്തി. കുറേ ദിവസം ഹോസ്പിറ്റലിൽ കിടന്നു. ഒരു വിധം സുഖമായപ്പോൾ വീട്ടിലേക്ക് പോന്നു.

ഒരു വർഷം വീട്ടിൽ കിടപ്പായിരുന്നു. എനിക്ക് ഒരു നഷ്ടപരിഹാരവും സഹായവും സർക്കാറിൽനിന്ന് ലഭിച്ചില്ല. ആന്തമാനിൽ പോയി രേഖകൾ ശരിയാക്കിയാൽ കിട്ടുമായിരിക്കാം. പക്ഷേ, പണമില്ലാത്തതുകൊണ്ട് പോകാൻ കഴിഞ്ഞില്ല. കേരള ഗവൺമെന്റ് എനിക്ക് ഒന്നും തന്നില്ല. മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, കലക്ടർ തുടങ്ങിയവർക്കൊക്കെ അപേക്ഷ കൊടുത്തു. ആകെ കിട്ടിയത് 5000 രൂപയാണ്.

അളിയൻ വഴിയാണ് ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അറിയുന്നത്. അപേക്ഷ നൽകി. ഒരു വർഷം മുമ്പ് എനിക്ക് ജമാഅത്തെ ഇസ്‌ലാമി ഒരു ഓട്ടോറിക്ഷ തന്നു. എന്റെ ഡ്രൈവിംഗ് ലൈസൻസും ആന്തമാനിൽ നഷ്ടപ്പെട്ടിരുന്നു. അതുപോലും സർക്കാർ തന്നില്ല. ജമാഅത്തെ ഇസ്‌ലാമി ഹൽഖയിലെ സകാത്ത് ഫണ്ടിൽനിന്ന് പണം തന്നാണ് പുതിയ ലൈസൻസ് എടുത്തത്. ഇപ്പോൾ എന്റെ ജീവിതമാർഗം ഈ ഓട്ടോറിക്ഷയാണ്. ദിവസം 250-300 രൂപ കിട്ടും. അതുവരെ വല്ലവരും തരുന്നത് മേടിച്ചാണ് ജീവിച്ചിരുന്നത്. ജമാഅത്തിനെക്കുറിച്ചൊന്നും എനിക്കറിയുമായിരുന്നില്ല. കുടുംബക്കാർക്ക് ഇത് വലിയ സന്തോഷമായി. നാട്ടുകാരിൽ ചിലർക്ക് എതിർപ്പുണ്ടായിരുന്നു. ഞാൻ ജമാഅത്തെ ഇസ്‌ലാമിയിലേക്ക് പോകുമോ എന്നായിരുന്നു അവർക്ക് പേടി".

അകപ്പെട്ട എന്റെ ജീവിതമാർഗങ്ങൾ അടഞ്ഞുപോയി. എറണാകുളത്തെ ട്രാവൽ ഏജൻസി മലേഷ്യയിലേക്ക് ജോലിക്കു കൊണ്ടുപോകാമെന്നേറ്റു. വീട് പണയപ്പെടുത്തി ബാങ്കിൽനിന്ന് 80,000 രൂപ ലോണെടുത്ത് അവർക്ക് നൽകി. മലേഷ്യയിലെത്തിയ ഞാൻ വഞ്ചിക്കപ്പെട്ടു. എങ്ങനെയൊക്കെയോ നാട്ടിൽ തിരിച്ചെത്തി. അഛൻ രോഗിയായി കിടക്കുകയാണ്. ബാങ്കിലെ കടം തിരിച്ചടക്കാൻ വഴിയൊന്നുമില്ല. ഇപ്പോൾ ജപ്തി നോട്ടീസ് കിട്ടിയിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി തന്ന ഓട്ടോറിക്ഷയാണ് ആകെയുള്ള ജീവിത മാർഗം. ഇത് കിട്ടിയിരുന്നില്ലെങ്കിൽ ആത്മഹത്യയല്ലാതെ മറ്റു വഴിയുണ്ടാകുമായിരുന്നില്ല. ദൈവമാണ് ജമാഅത്തിനെ ഇവിടെ എത്തിച്ചത്. ഈ രാജ്യത്തോട് സ്നേഹമുള്ളവരാണ് നിങ്ങൾ"- പറഞ്ഞുതീരുമ്പോൾ രാജുവിന്റെ കണ്ണ് നിറഞ്ഞിരുന്നു.

26 പേർക്ക് ചികിത്സാ സഹായം, മെഡിക്കൽ ക്യാമ്പുകൾ, മരുന്ന് വിതരണം, ഗൃഹോപകരണങ്ങൾ എന്നിവയും നൽകുകയുണ്ടായി. ചികിത്സാ സഹായം നൽകിയ പറയകടവിലെ പുത്തൻപുരയിൽ അനിത പ്രവർത്തകരുടെ മനസ്സിൽ നൊമ്പരമായി നീറിനിൽക്കുകയാണ്. രണ്ട് കിഡ്നിയും തകരാറിലായി ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുകയാണ് രണ്ട് ചെറിയ കുട്ടികളുടെ അമ്മയായ അനിത. ഭർത്താവ് ഉപേക്ഷിച്ചു. ഡയാലിസിസിനും മരുന്നിനും വലിയൊരു സംഖ്യ ചെലവ് വരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ചികിത്സാ സഹായം അവർക്ക് വലിയ ആശ്വാസമായി. ഓരോ ആഴ്ചയും ഡയാലിസിസിലൂടെ ജീവിതം നീട്ടിക്കിട്ടുകയാണവർക്ക്. രണ്ട് കുട്ടികളെയും നോക്കി അവരിരിക്കുന്ന കാഴ്ച ദയനീയമാണ്.

രണ്ട് ഘട്ടങ്ങളിലായി 6,52,000 രൂപയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പും വിദ്യാർഥികൾക്ക് സൈക്കിളുകളും നൽകുകയുണ്ടായി. വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന 184 കുട്ടികൾക്ക് ഒന്നാം ഘട്ടത്തിലും 117 കുട്ടികൾക്ക് രണ്ടാം ഘട്ടത്തിലുമാണ് സ്കോളർഷിപ്പ് നൽകിയത്. ഏറെ ശ്രദ്ധിക്കപ്പെട്ട പദ്ധതിയാണ് സ്കോളർഷിപ്പ്. വനിതാ സ്വയം സഹായ സംഘങ്ങൾക്ക് നൽകിയ ധന സഹായമാണ് മറ്റൊന്ന്. ചികിരി-സോപ്പ് നിർമാണം, ചിപ്പി കൃഷി തുടങ്ങിയ മേഖലകളിലാണ് സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നത്. നല്ല രീതിയിലാണ് സ്വാശ്രയ സംഘങ്ങൾ നടക്കുന്നത്. സൂനാമിക്കു ശേഷം കടലിൽ മത്സ്യങ്ങൾ കുറവായതിനാൽ പുരുഷന്മാർക്ക് പൊതുവെ തൊഴിൽ കുറവാണ്. അതുകൊണ്ടുതന്നെ വനിതാ സ്വാശ്രയ സംഘങ്ങൾക്ക് നൽകിയ ധനസഹായം നിരവധി കുടുംബങ്ങൾക്ക് നിത്യവൃത്തി കണ്ടെത്താൻ ഏറെ സഹായകമായി ത്തീർന്നിരിക്കുന്നു. അഴീക്കൽ അഞ്ചാം വാർഡിലെ ഐശ്വര്യ സ്വാശ്രയ സംഘത്തിലെ പ്രവർത്തകർ നിറഞ്ഞ മനസ്സോടെയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സഹായത്തെക്കുറിച്ച് പറഞ്ഞത്: "ഇത്

# ഗവൺമെന്റ് കാണിച്ച വഞ്ചന

'**നഷ്ടപ്പെട്ട** ജീവനൊഴികെ ബാക്കിയെല്ലാം ദുരിതബാധിതർക്ക് തിരിച്ചുകൊടുക്കും'- സൂനാമിദുരിതാശ്വാസത്തെക്കുറിച്ച് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപനങ്ങളിലൊന്നായിരുന്നു ഇത്. പക്ഷേ, പതിവുപോലെ അതും ജലരേഖയായി. സൂനാമി ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകളെക്കുറിച്ചും ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ അഴിമതിയെയും കെടുകാര്യസ്ഥതയെയും കുറിച്ചും മാധ്യമങ്ങളിൽനിന്നറിയാറുണ്ടായിരുന്ന പലതും ആ പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ നേരിട്ടനുഭവിക്കാൻ കഴിഞ്ഞു.

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നായി കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് ഫണ്ടിലേക്ക് ഒഴുകിയെത്തിയത്. പക്ഷേ, അതെത്രയാണെന്ന കൃത്യമായ കണക്ക് ഇതുവരെ ഗവൺമെന്റ് വെളിപ്പെടുത്തിയിട്ടില്ല. ഏതൊക്കെ പദ്ധതികൾക്ക് എത്ര പണം വിനിയോഗിച്ചുവെന്നും വ്യക്തമായി പറഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ മറ്റു പല പദ്ധതികൾക്കു വേണ്ടിയും മന്ത്രിമാരുടെയും മറ്റും താൽപര്യങ്ങൾക്കനുസരിച്ചും അവരുടെ മണ്ഡലങ്ങളിലും കടലില്ലാത്ത പ്രദേശങ്ങളിൽ പോലും സൂനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. അഴിമതി ഇതിനു പുറമെയാണ്. വിജയനുണ്ണി കമീഷൻ ഇത് വ്യക്തമാക്കിയിട്ടുണ്ട്. സൂനാമിബാധിതർക്ക് ഫണ്ടിന്റെ ചെറിയൊരു വിഹിതം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഒരു വീടു പോലും ഗവൺമെന്റ് ഫണ്ട് കൊണ്ട് നിർമിച്ചിട്ടില്ല. എല്ലാം സന്നദ്ധ സംഘടനകളാണ് ചെയ്തത്. സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഉൾപ്പെടെയുള്ള പദ്ധതികളിൽ പലതും ചുകപ്പു നാടയിൽതന്നെയാണ്. സാങ്കേതികത്വങ്ങളും, ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥതയും ദുരിതാശ്വാസ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നൽകുമെന്ന് 2004 ഡിസംബറിൽ പ്രഖ്യാപിച്ച ധനസഹായം 2006 മാർച്ചിലും നൽകിയിട്ടില്ല. 2007 ഏപ്രിൽ 15-നാണത്രെ അത് നൽകുക!

ആലപ്പാട്-ആറാട്ടുപുഴ പഞ്ചായത്തുകളിൽ ദുരന്തത്തിന്റെ കാഠിന്യം വർധിക്കാൻ കാരണം കടൽഭിത്തി ഇല്ലാതിരുന്നതാണ്. അതുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഇനം കടൽഭിത്തി നിർമാണമായിരുന്നു. "കടൽഭിത്തി ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ കുഞ്ഞുങ്ങളെ തിരകൾ കൊണ്ടുപോകില്ലായിരുന്നു എന്ന് ആറാട്ടുപുഴയില അമ്മമാർ നെഞ്ചത്തടിച്ചു പറഞ്ഞപ്പോൾ ഏതു ഭരണാധികാരിക്കാണത് അവഗണിക്കാൻ കഴിയുക? കരാറുകാരൻ ഉപേക്ഷിച്ചുപോയ ഈ പ്രദേശത്തെ കടൽഭിത്തി നിർമാണം ചട്ടങ്ങളൊക്കെ മാറ്റിവെച്ച് ഉടനെ ആരംഭിക്കാൻ തീരുമാനിച്ചു". 'സൂനാമിക്ക് ശേഷം' എന്ന പേരിൽ പബ്ലിക് റിലേഷൻസ് വകുപ്പ് 2005-ൽ പുറത്തിറക്കിയ പുസ്തകത്തിൽ (പേജ് 12) അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എഴുതിയതാണിത്. പക്ഷേ, 2007 മാർച്ചിൽ ആറാട്ടുപുഴ സന്ദർശിച്ചപ്പോഴും കടൽഭിത്തി പൂർത്തീകരിച്ചത് കാണാനായില്ല! ആറാട്ടുപുഴയിലെ സൂനാമിപ്രദേശം സന്ദർശിക്കാൻ പുറപ്പെട്ട ഞങ്ങൾക്ക് പത്തിശ്ശേരി ജംഗ്ഷനിൽ കാർ നിർത്തേണ്ടിവന്നു. കാരണം, കടൽക്ഷോഭത്തെത്തുടർന്ന് റോഡ് മിക്കവാറും മണലും ചളിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരുന്നു. അവിടെനിന്ന് വലിയഴീക്കൽ വരെ ടൂവീലറിലായിരുന്നു യാത്ര. ഇടക്ക് പല തവണ ഇറങ്ങി നടക്കേണ്ടിവന്നു. പത്തിശ്ശേരി ജംഗ്ഷനിൽ നിന്ന് വലിയഴീക്കൽ വരെയുള്ള പതിനാല് കിലോമീറ്ററോളം ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നു. രണ്ടര വർഷമായിട്ടും കടൽഭിത്തി നിർമിക്കാത്തതാണ് കാരണം. ആറു മാസം മുമ്പുവരെ ആളുകൾ താമസിച്ചിരുന്ന ഒരു വീട് കടൽകയറ്റത്തെത്തുടർന്ന് തകർന്നതും കാണാനായി. കടൽഭിത്തിയില്ലാത്തതുകാരണം സൂനാമിബാധയുടെ തോത് കൂടിയ ഇവിടെ ഇനിയൊരു കടൽകയറ്റമുണ്ടായാൽ വലിയ നാശനഷ്ടങ്ങളാണുണ്ടാവുക. കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ സൂനാമി ഏറ്റവുമധികം ബാധിച്ച പ്രദേശങ്ങളിലും കടൽഭിത്തി നിർമിച്ചിട്ടില്ല. ഗവൺമെന്റ് കാണിച്ച കൊടിയ വഞ്ചനയുടെ ഉദാഹരണങ്ങളിലൊന്നാണിത്.

ഞങ്ങളുടെ ഉപജീവനമാർഗമാണ്. വീട്ടുചെലവ്, കടം തിരിച്ചടക്കൽ, കുട്ടികളുടെ പഠനം, ചികിത്സ തുടങ്ങിയവയെല്ലാം ചുരുങ്ങിയ രീതിയിലാണെങ്കിലും ഇതുകൊണ്ടാണ് ഞങ്ങൾ നടത്തുന്നത്. ഈ പദ്ധതി ഞങ്ങൾക്ക് ഏറെ ഉപകാരപ്പെട്ടു. ഞങ്ങൾ ജീവിതം കഴിക്കുന്നത് ഇതുകൊണ്ടാണ്."

## ആലപ്പുഴ ജില്ല

ആലപ്പുഴ ജില്ലയിലെ ആറാട്ടുപ്പുഴ, കുത്തിയതോട്, ദേവികുളങ്ങര, ചെറുതന പഞ്ചായത്തുകളിലാണ് ജമാഅത്തെ ഇസ്‌ലാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ ഭാഗത്താണ് കൂടുതൽ തുക ചെലവിട്ടത്. ഭവന നിർമാണം, റിപ്പയറിംഗ്, സ്കോളർഷിപ്പ്, ഓട്ടോ റിക്ഷ, കച്ചവട സഹായം, തൊഴിലുപകരണങ്ങൾ തുടങ്ങി 46,30,365 രൂപയുടെ ബഹുമുഖ പ്രവർത്തനങ്ങളാണ് ആലപ്പുഴയിൽ നടന്നത്. പതിനാറ് വീടുകൾ നിർമിക്കുകയും 5 വീടുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തു. ഏതാനും വീടുകളുടെ നിർമാണം അവസാന ഘട്ടത്തിലാണ്. ഫൈബർ ബോട്ട് യൂനിറ്റുകളും ഓട്ടോ റിക്ഷയും ഉൾപ്പെടെയുള്ള തൊഴിലുപകരണ വിതരണമാണ് ആദ്യം നടന്നത്. ദുരിതാശ്വാസ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി 550 കുടുംബങ്ങൾക്ക് വസ്ത്രവും ഭക്ഷണ സാധനങ്ങളും ആദ്യ ഘട്ടത്തിൽ നൽകുകയുണ്ടായി. കെ.എസ് അശ്റഫ് കൺവീനറും എ.കെ. ഫസ്‌ലുദ്ദീൻ സെക്രട്ടറിയുമായ കമ്മിറ്റിയാണ് പദ്ധതികൾ പൂർത്തീകരിച്ചത്. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകൻ കോൺട്രാക്ടർ സനിൽ മുഹമ്മദാണ് നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

മൂന്ന് പെൺമക്കളും ഭാര്യയുമടങ്ങുന്നതാണ് വലിയഴീക്കൽ ധരണീന്ദ്രന്റെ കുടുംബം. കടൽത്തീരത്തുണ്ടായിരുന്ന വീട് സൂനാമിയിൽ തകർന്നു. പക്ഷേ, സർക്കാറിൽനിന്നും സഹായമൊന്നും കിട്ടിയില്ല. ജമാഅത്തെ ഇസ്‌ലാമിയാണ് അദ്ദേഹത്തിന് വീട് നിർമിച്ചു നൽകിയത്. മത്സ്യബന്ധനം കഴിഞ്ഞു വന്ന്, മാർക്കറ്റിൽ വിലയില്ലാത്തതിനാൽ മത്സ്യം ഉണക്കാനിടുന്ന സമയത്താണ് അദ്ദേഹത്തെ കണ്ടത്. അൽപസമയം വാക്കുകൾ കിട്ടാതിരുന്ന അദ്ദേഹം അടക്കാനാവാത്ത സന്തോഷമാണ് പങ്കുവെച്ചത്: ദൈവമേ! എന്താണ് പറയുക. പടച്ചവന്റെ കൃപയാണ് നിങ്ങളെ ഇവിടെ എത്തിച്ചത്. കയറിക്കിടക്കാനൊരിടം ഉണ്ടായിരുന്നില്ല. 75 രൂപ കൊടുത്ത് ചാക്ക് വാങ്ങി മറയ്ക്കാൻ പോലും കഴിവുണ്ടായിരുന്നില്ല. ജമാഅത്തെ ഇസ്‌ലാമി വീടുണ്ടാക്കിത്തന്നപ്പോൾ എനിക്ക് സ്വർഗം കിട്ടിയതുപോലെയാണ്. നിങ്ങളെ പൂവിട്ട് പൂജിച്ചാലും മതിയാകില്ല."

രണ്ട് കുട്ടികളുടെ മാതാവായ ഷിജി ജമാഅത്തെ ഇസ്‌ലാമി നിർമിച്ചു കൊടുത്ത വീട്ടിലാണ് കഴിയുന്നത്. "ഞങ്ങളുടെ നാട്ടുകാർ പോലും ചെയ്തുതരാത്തതാണ് നിങ്ങൾ ചെയ്തുതന്നത്. ഇത് ഞങ്ങൾക്ക് ഏറ്റവും വലിയ കാര്യമാണ്. ഇവിടെയുള്ളവർ കാണാത്തത്

മറ്റൊന്ന് താൽക്കാലിക ഷെൽട്ടറുകളാണ്. ദുരന്തമുണ്ടായ ഉടനെ നിർമിച്ച താൽക്കാലിക ഷെൽട്ടറുകളിൽ ഇപ്പോഴും നിരവധി കുടുംബങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നു. വിവിധ ഷെൽട്ടറുകളാലായി 40-ഓളം കുടുംബങ്ങളാണ് ഇപ്പോഴും ദുരിതജീവിതം നയിക്കുന്നത്. അഞ്ച് ഭാഗത്തും തകരഷീറ്റുകൊണ്ട് മറച്ച റൂമുകൾക്ക് ഒരാൾ പൊക്കമൊണുള്ളത്. വെയിലായാൽ അതികഠിനമായ ചൂട്. മഴ പെയ്താൽ ചെളിയും മാലിന്യങ്ങളും ടെന്റിനകത്തെത്തും. ഇടിയും മിന്നലുമുണ്ടാകുമ്പോൾ ഷോക്കേൽക്കും. രണ്ടര വർഷമായി ഇവർ ദുരിതമനുഭവിക്കുകയാണ്. "ഏതു കാട്ടിലേക്കെങ്കിലും ഞങ്ങൾ പോകാം. ഇവിടെ നിന്നൊന്നുരക്ഷപ്പെടുത്തിയാൽ മതി"-കണ്ണീരോടെയാണ് ടെന്റിൽ കഴിയുന്ന ചെറിയഴീക്കലെ ശോഭന പറഞ്ഞത്. 'മന്ത്രിമാരോടും കലക്ടറോടും പത്രക്കാരോടുമെല്ലാം പറഞ്ഞ് പറഞ്ഞ് മടുത്തു.ഇനിയാരോടും ഒന്നും പറയുന്നില്ല' എന്നാണ് ചിലർ പ്രതികരിച്ചത്.

"ഷെൽട്ടർ പൊളിക്കാൻ വന്നതാണെങ്കിൽ ഞങ്ങളുടെ ശവം കൊണ്ടുപോകാൻ ആംബുലൻസ് കൂടി കൊണ്ടുവന്നോളളൂ"- എന്നായിരുന്നു ഞങ്ങളുടെ വാഹനം കണ്ടപ്പോൾ പ്രകാശ് മണലിക്കര പ്രതികരിച്ചത്. ഗവൺമെന്റ് ഉദ്യോഗസ്ഥരാണെന്നാണവർ കരുതിയത്. രണ്ടര വർഷമായി ഷെൽട്ടറിലൽ കഴിയുകയാണ് കുടുംബം.

അഴീക്കൽ തുറയിലെ പൂക്കോട്ട് ക്ഷേത്രത്തിന്റെ കിഴക്ക് വശത്ത് താമസിക്കുന്ന ചാന്ദാംപറമ്പിൽ സരസന്റെ കഥയും ഏറെ ദയനീയമാണ്. ഡിഗ്രിക്ക് പഠിക്കുന്ന മകളും പ്ലസ് വണ്ണിന് പഠിക്കുന്ന മകനും ഉൾപ്പെടുന്ന നാലംഗ കുടുംബം തകർന്ന വീട്ടിലാണ് കഴിയുന്നത്. പലിശക്കുംമറ്റും കടമെടുത്ത് വീട് നിർമാണത്തിനുവേണ്ടി ശേഖരിച്ച നിർമാണ സാമഗ്രികൾ സൂനാമിയിൽ നശിച്ചുപോയി. വീടും തകർന്നു. ഇപ്പോൾ പലതുകൊണ്ടും മറച്ച, ഒരു വാതിൽ പോലും ഇല്ലാത്ത വീട്ടിലാണവർ കഴിയുന്നത്. രണ്ട് കതകെങ്കിലും ഉണ്ടാക്കാൻ ആരെങ്കിലും സഹായിക്കുമോ എന്നാണ് സരസന്റെ ഭാര്യ പാപ്പച്ചി കണ്ണീരോടെ ചോദിച്ചത്!

കോടിക്കണക്കിന് രൂപ ലഭിച്ചിട്ടും ദുരിതബാധിതരോട് ഗവൺമെന്റ് കാണിച്ചത് വഞ്ചനയാണ്. സർക്കാറിന്റെ മാത്രമല്ല, അന്താരാഷ്ട്ര തലത്തിലുള്ള പല സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങളിലെ അഴിമതിയെക്കുറിച്ച് വ്യാപകമായ പരാതിയുണ്ട്. റെഡ്ക്രോസിന്റെ പദ്ധതികളിലുണ്ടായ മൂന്ന് കോടിയുടെ വെട്ടിപ്പിനെക്കുറിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത വന്നിരുന്നു (*മംഗളം* 17.03.'07). സൂനാമി പലർക്കും 'മഹാലക്ഷ്മി'യായി മാറിയെന്ന് പറയാൻ കാരണം ഇതൊക്കെത്തന്നെയായിരിക്കും!

നിങ്ങൾ കണ്ടു"– എന്നാണവർ പ്രതികരിച്ചത്.

വലിയഴീക്കലിലെ സി.പി.എം പ്രവർത്തകനായ ഹെർജി, സൂനാമിദുരിത ബാധിതരോടുള്ള രാഷ്ട്രീയക്കാരുടെ സമീപനത്തെ◌ൊക്കുറിച്ചും ജമാഅത്തെ ഇസ്‌ലാമിയുടെ സേവനങ്ങളെക്കുറിച്ചും ഏറെ സംസാരിക്കുകയുണ്ടായി. സൂനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളോടുള്ള സമീപനം രാഷ്ട്രീയ പാർട്ടികളുടെ വിലയിടിച്ചുവെന്നും രാഷ്ട്രീയം സാമൂഹിക പ്രവർത്തനമല്ല ബിഹാറിലും മറ്റും നടക്കുന്നതുപോലെ വോട്ടിനുവേണ്ടിയുള്ള മത്സരമാണ്, എനിക്ക് രാഷ്ട്രീയംതന്നെ മടുത്തുപോയി എന്നും അഭിപ്രായപ്പെട്ട ഹെർജി ജമാഅത്തെ ഇസ്‌ലാമിയുടെ പുനരധിവാസ പ്രവൃത്തികളെക്കുറിച്ച് പറഞ്ഞു: "ജമാഅത്തെ ഇസ്‌ലാമി ഒരു വർഗീയ സംഘടനയാണെന്നാണ് ചിലർ പ്രചരിപ്പിച്ചിരുന്നത്. പക്ഷേ, സൂനാമിദുരിതാശ്വാസ പ്രവർത്തനങ്ങൾ കഴിഞ്ഞപ്പോഴാണ് ജമാഅത്തെ ഇസ്‌ലാമിയെ അടുത്തറിയാനായത്. ഇവിടെ പ്രവർത്തിക്കേണ്ട സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ജമാഅത്തിന്റെ സേവനപ്രവർത്തനങ്ങൾക്കുള്ള തെളിവാണ് ഈ വീട്."

## ആന്തമാൻ നിക്കോബാർ

ആന്തമാൻ നിക്കോബാർ ദ്വീപുകൾ ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ പ്രവർത്തന പരിധിയിലാണുള്ളത്. അതുകൊണ്ട് അവിടത്തെ സൂനാമി ദുരിതാശ്വാസ പ്രവൃത്തികളും കേരള ജമാഅത്തിന്റെ കീഴിലാണ് നടന്നത്.

ഭവനനിർമാണം, കച്ചവട സഹായം, വീട് റിപ്പയർ, വിദ്യാഭ്യാസ സഹായം, കർഷകരുടെ പുനരധിവാസം, വാടകക്ക് നൽകാവുന്ന റൂമുകൾ, ഹൗസിംഗ് കോളനി, ലോൺ തിരിച്ചടക്കാനുള്ള സഹായം, മത്സ്യബന്ധന ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിലായി 3,71,8635 രൂപയുടെ സേവന പ്രവർത്തനങ്ങളാണ് ആന്തമാനിൽ നടത്തിയത്. മൂന്ന് വീടുകളും 9 പേർക്ക് ഹൗസിംഗ് കോളനികളും 18 പേർക്ക് റെന്റൽ റൂമുകളും നിർമിച്ചു നൽകുകയുണ്ടായി. പതിനഞ്ച് പേർക്ക് കച്ചവടസ്ഥാപനങ്ങൾ തുടങ്ങാനുള്ള സഹായവും നൽകി.

എറണാകുളം ജില്ലയിൽ 2 വീടുകൾ നിർമിക്കുകയും 3 വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്തു. 3,75,000 രൂപ ചെലവിട്ട് എടവനക്കാട് നഴ്സറി ബിൽഡിംഗ് നിർമിച്ചു. മൊത്തം 8,32,000 രൂപയുടെ പദ്ധതിയാണ് എണറാകുളം ജില്ലയിൽ നടപ്പിലാക്കിയത്. തൃശൂർ ജില്ലയിൽ 65 വ്യക്തികൾക്ക് തൊഴിലുപകരണങ്ങൾ നൽകി. ഇതിന് 6,25000 രൂപ ചെലവിട്ടു.

ഗവൺമെന്റിന്റെയും പല സന്നദ്ധ സംഘടനകളുടെയും ഫണ്ടുകളെ അപേക്ഷിച്ച് ചെറുതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സൂനാമിദുരിതാശ്വാസ നിധി. പക്ഷേ, ചെറിയ ഫണ്ടുപയോഗിച്ച് കൂടുതൽ പേർക്ക് ഫലപ്രദമായി ആശ്വാസമെത്തിക്കാൻ ജമാഅത്തിന് സാധിച്ചു. പ്രസ്ഥാന പ്രവർത്തകരുടെ കഠിനാധ്വാനമാണതിനു പിന്നിലെ പ്രധാന ഘടകം. സമാഹരിച്ച സംഖ്യയേക്കാൾ മൂല്യമുള്ള പ്രവർത്തകരുടെ അധ്വാനമാണ് ദുരിതാശ്വാസ–പുനരധിവാസ പ്രവർത്തനങ്ങളെ ഇവ്വിധം വിജയിപ്പിച്ചത്. സൂനാമി ബാധിത പ്രദേശങ്ങളിലെത്തുന്ന ആർക്കും ജമാഅത്തിന്റെ സേവന പ്രവർത്തനങ്ങളെ അവഗണിക്കാനാവില്ല. കേരള ഗവൺമെന്റിന്റെ പബ്ലിക് റിലേഷൻ വകുപ്പ് പുറത്തിറക്കിയ 'സൂനാമിക്ക് ശേഷം' എന്ന പുസ്തകത്തിൽ അഞ്ചു സ്ഥലങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അരയസമാജം, കരയോഗം പ്രവർത്തകരും, ദുരിതബാധിതരായ ജനങ്ങളും നിറഞ്ഞ മനസ്സോടെയാണ് ജമാഅത്തിനെക്കുറിച്ച് പറയുന്നത്. ചെറിയഴീക്കൽ അരയവംശ പരിപാലനയോഗം ട്രഷറർ ദിനേശ് ബാബുവിന്റെ വാക്കുകൾ ഉദാഹരണം: "പ്രകൃ

### ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് സൂനാമി റിലീഫ്

#### കൊല്ലം ജില്ല

| | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1. | പ്രഥമ ഘട്ടത്തിലെ റിലീഫ് | | 311219.00 |
| 2. | ഭവന നിർമാണം | 23 | 6568939.00 |
| 3. | വീട് മെയിന്റനൻസ് | 43 | 350892.00 |
| 4. | തൊഴിലുപകരണങ്ങൾ<br>ഗൃഹോപകരണങ്ങൾ | 176<br>542 | 3640760.00 |
| 5. | ചികിത്സാ സഹായം | 23 | 245098.00 |
| 6. | സ്കോളർഷിപ്പ് | 184 | 652000.00 |
| 7. | സൈക്കിൾ | 9 | 21325.00 |
| 8. | ആംബുലൻസ് | 1 | 717186.00 |
| 9. | ബാങ്ക് ചാർജ് | | 34600.00 |
| 10. | പദ്ധതി നടത്തിപ്പ് | | 292114.50 |
| 11 | പദ്ധതി പൂർത്തീകരിക്കാനുള്ള നീക്കിയിരിപ്പ് | | 547604.50 |
| | **മൊത്തം** | | **1,33,81,738.50** |

#### ആലപ്പുഴ ജില്ല

| | | | |
|---|---|---|---|
| 1. | ആദ്യ ഘട്ടത്തിലെ റിലീഫ് | | 194398.50 |
| 2. | ഭവന നിർമാണം | 16 | 2983764.00 |
| 3. | തൊഴിലുപകരണങ്ങൾ | | 790728.50 |
| 4. | സ്കോളർഷിപ്പ് | 2 | 7000.00 |
| 5. | ഓഫീസ് ചെലവ് | | 27122.50 |
| 6. | പദ്ധതി പൂർത്തീകരണത്തിന് നീക്കിയിരിപ്പ് | | 627351.80 |
| | **മൊത്തം** | | **4630365.30** |

#### ആന്തമാൻ നിക്കോബാർ

| | | | |
|---|---|---|---|
| 1. | ആദ്യ ഘട്ടത്തിലെ റിലീഫ് | | 250000.00 |
| 2. | ഭവന നിർമാണം | 15 | 2395000.00 |
| 3. | വീട് മെയിന്റനൻസ്<br>തൊഴിലുപകരണങ്ങൾ | 22 | 694610.00 |
| 4. | വളണ്ടിയർ ചെലവ് | | 60000.00 |
| 5. | കടം തിരിച്ചടക്കാനുള്ള സഹായം | 1 | 50000.00 |
| 6. | കച്ചവട സഹായം | 2 | 75000.00 |
| 7. | പദ്ധതി നടത്തിപ്പ് | | 37955.00 |
| 8. | ബാങ്ക് ചാർജ് | | 6070.87 |
| 9. | പദ്ധതി പൂർത്തീകരണത്തിന് നീക്കിയിരിപ്പ് | | 150000.00 |
| | **മൊത്തം** | | **3718635.87** |

#### എറണാകുളം ജില്ല

| | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1. | ഭവന നിർമാണം | 2 | 350000.00 |
| 2. | എടവനക്കാട് നഴ്സറി | 1 | 410000.00 |
| 3. | വീട് മെയിന്റനൻസ് | 3 | 75000.00 |
| 4. | ബാങ്ക് ചാർജ് | | 1102.80 |
| | **മൊത്തം** | | **886102.80** |

#### തൃശൂർ ജില്ല

| | | | |
|---|---|---|---|
| 1. | തൊഴിലുപകരണങ്ങൾ & മെയിന്റനൻസ് | 65 | 625500.00 |

#### കുളച്ചൽ & ഇന്തോനേഷ്യ

| | | |
|---|---|---|
| 1. | ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 285982.97 |

| | |
|---|---|
| **മൊത്തം വരവ്** | **2,36,33,633.59** |
| **മൊത്തം ചെലവ്** | **2,35,28,325.44** |
| **നീക്കിയിരിപ്പ്** | **1,05,308.15** |
| **ആകെ** | **2,36,33,633.59** |

തിദുരന്തത്തിൽ പെട്ടവരെ സഹായിക്കാൻ അവസരോചിതം മൂല്യബോധത്തിൽ അധിഷ്ഠിതമായി പ്രവർത്തിച്ചുവെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യേകത. ദുരന്തമുണ്ടായ നിമിഷം മുതൽ രാപ്പകൽ ഭേദമില്ലാതെ ജമാഅത്ത് പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനത്തിൽ മുഴുകി. ശുചീകരണ-സാനിറ്റേഷൻ രംഗത്ത് രാത്രി വൈകിയും ജമാഅത്ത് പ്രവർത്തകർ ഉണ്ടായിരുന്നു. ഇത് വെറും വാക്കല്ല. എന്റെ ഹൃദയത്തിൽ തട്ടി പറയുന്നതാണ്. പൊതുജനങ്ങൾക്ക് ജമാഅത്തിനെക്കുറിച്ച് വ്യാപകമായി മനസ്സിലാക്കാനും ഇതുവഴി സാധിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ വളരെ സുതാര്യമായിരുന്നു. പൊതുജനങ്ങൾക്കിടയിൽ പദ്ധതി പ്രഖ്യാപിക്കുകയും പ്രഖ്യാപിച്ചത് പൂർണമായി നടപ്പിലാക്കുകയും ചെയ്തത് ജമാഅത്തെ ഇസ്‌ലാമിയാണ്. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏറെ ഫലവത്താണ്. കിട്ടേണ്ട സമയത്താണ് അത് കിട്ടിയത്. ഭാവിയിലേക്ക് ഏറ്റവുമധികം ഉപകാരപ്പെടുന്നതും അതായിരിക്കും. സർക്കാർ സുനാമി വിഷയത്തിൽ പലരോടും ഒത്തുകളിക്കുകയായിരുന്നു. നേതാക്കളും സംഘടനകളും രാഷ്ട്രീയക്കാരും, നാം വലിയവർ എന്ന് കരുതുന്നവരുമെല്ലാം സുനാമിയിൽനിന്ന് മുതലെടുക്കുകയായിരുന്നു. പല സന്നദ്ധ സംഘടനകളെക്കുറിച്ചും പരാതി ഉയർന്നിട്ടുണ്ട്. പക്ഷേ, ജമാഅത്തിനെക്കുറിച്ച് ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. ശേഖരിച്ച പണം മുഴുവനായി അവർ വിനിയോഗിച്ചിരിക്കുന്നു. ഇത് എന്റെ മാത്രം വീക്ഷണമല്ല. ജനങ്ങൾക്കിടയിൽ രൂപപ്പെട്ട അഭിപ്രായമാണ്." ■